# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06.10.2023** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് വീണ്ടും സുവർണ്ണനേട്ടം. പുരുഷ ഹോക്കി ഫൈനലിൽ ജപ്പാനെ പരാജയപ്പെടുത്തി ഇന്ത്യ.

   India wins gold again in Asian Games. India defeated Japan in men's hockey final.

2. അടിസ്ഥാന ബാങ്കിങ്ങ് നിരക്കുകളിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക്. 2000 രൂപ നോട്ട് മാറ്റിയെടുക്കാനുള്ള സമയപരിധി നാളെ അവസാനിക്കും.

   Reserve Bank unanimously to keep the policy repo rate unchanged. The deadline to exchange Rs 2000 notes ends tomorrow.

3. സമാധാനത്തിനുള്ള നൊബേൽ പുരസ്കാരത്തിന് അർഹയായി ഇറാൻ മനുഷ്യാവകാശ പ്രവർത്തക നർഗസ് സഫിയ മുഹമ്മദി.

   Iranian human rights activist Narges Mohammadi has been awarded the Nobel Peace Prize.

4. സാങ്കേതിക രംഗത്തെ മുന്നേറ്റങ്ങൾക്ക് ആനുപാതികമാണ് സൈബർ കുറ്റകൃത്യങ്ങളുടെ വളർച്ചയെന്ന് ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ.
   Governor Arif Mohammad Khan said that the growth of cyber crimes is proportional to the advances in technology.

5. ലോകകപ്പ് ക്രിക്കറ്റിൽ പാകിസ്ഥാനെതിര നെതർലൻസിന് 287 റൺസിന്റെ വിജയ ലക്ഷ്യം.
   Cricket World Cup Netherlands set a target of 287 runs against Pakistan

## Headline 1

## ASIAN GAMES 1

ഏഷ്യൻ ഗെയിംസ് പുരുഷ ഹോക്കിയിൽ ഇന്ത്യയ്ക്ക് സ്വർണ്ണം. ഫൈനലിൽ ജപ്പാനെ ഒന്നിന് എതിരെ അഞ്ച് ഗോളുകൾക്കാണ് ഇന്ത്യ പരാജയപ്പെടുത്തിയത്. ഇതോടെ പാരീസ് ഒളിംപിക്സിന് ഇന്ത്യൻ ടീം യോഗ്യത നേടി. പുരുഷ സിംഗിൾസ് ബാഡ്മിന്റണിൽ എച്ച് എസ് പ്രണോയ് വെങ്കല മെഡൽ നേടി. 1982 ൽ സയ്യിദ് മോദിയാണ് ഈയിനത്തിൽ ഇന്ത്യയ്ക്കായി അവസാനം വെങ്കലം നേടിയത്. അമ്പെയ്ത്തിൽ വനിതാ റികർവ് ടീം ഇനത്തിലും ഇന്ത്യ വെങ്കല മെഡൽ നേടി. ഗുസ്തിയിൽ ഇന്ത്യയ്ക്ക് മൂന്ന് വെങ്കലം. വനിതകളുടെ 62 കിലോ ഗ്രാം വിഭാഗത്തിൽ സോനവും 76 കിലോഗ്രാം വിഭാഗത്തിൽ കിരൺ ബിഷ്ണോയും 57 കിലോഗ്രാമിൽ അമനുമാണ് വെങ്കലം നേടിയത്. പുരുഷ ക്രിക്കറ്റ് സെമിയിൽ ബംഗ്ലാദേശിനെ ഇന്ത്യ പരാജയപ്പെടുത്തി. കബഡിയിൽ ഇന്ത്യൻ വനിതകൾ ഫൈനലിലെത്തി.

22 സ്വർണവും, 34 വെള്ളിയും, 39 വെങ്കലവുമുൾപ്പെടെ 95 മെഡലുകളുമായി നാലാം സ്ഥാനത്താണ് ഇന്ത്യ. ചൈനയാണ് ഒന്നാമത്. ജപ്പാൻ, കൊറിയ എന്നീ രാജ്യങ്ങളാണ് രണ്ടും മൂന്നും സ്ഥാനങ്ങളിൽ.

# ASIAN GAMES 2

ഹാങ്ഷോ ഏഷ്യൻ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ച്ചവെച്ചു തിരിച്ചെത്തിയ താരങ്ങളെ തിരുവനന്തപുരം വിമാനത്താവളത്തിൽ സ്വീകരിച്ചു. സായ് എൽ എൻ സി പി ഇയുടെ ആഭിമുഖ്യത്തിലാണ് കായിക താരങ്ങളും പരിശീലകരും ചേർന്ന് താരങ്ങളെ വരവേറ്റത്. 4 X 400 മീറ്റർ റിലേയിൽ സുവർണ നേട്ടം സ്വന്തമാക്കിയ മുഹമ്മദ് അനസ്, മുഹമ്മദ് അജ്മൽ , 4 X 400 മീറ്റർ വനിത റിലേയിൽ വെള്ളി നേടിയ ടീമിലെ അംഗമായ ഐശ്വര്യ മിശ്ര എന്നിവരാണ് നാട്ടിൽ മടങ്ങിയെത്തിയത്. രണ്ടാം സംഘം നാളെ തിരുവനന്തപുരത്ത് എത്തും.

# AMITH SHAH

ഭീകരവാദകേസുകളിലെ അന്വേഷണത്തിന് സംസ്ഥാന ഏജൻസികളുമായി ചേർന്ന് എൻ.ഐ.എ യുടെ കീഴിൽ മാതൃകാ സംവിധാനം രൂപീകരിക്കണമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. കഴിഞ്ഞ ഒമ്പത് വർഷത്തിനിടെ രാജ്യത്ത് ഭീകരവാദം തടയുന്നതിൽ കേന്ദ്ര-സംസ്ഥാന ഏജൻസികൾ വിജയിച്ചതായും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. ദേശീയ അന്വേഷണ ഏജൻസി സംഘടിപ്പിച്ച രണ്ട് ദിവസത്തെ ഭീകരവിരുദ്ധ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

## HM -LWE MEETING

ഇടതുപക്ഷ തീവ്രവാദം സംബന്ധിച്ച കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഇന്ന് ഡൽഹിയിൽ അവലോകന യോഗം ചേർന്നു. കേന്ദ്രമന്ത്രിമാരായ നിത്യാനന്ദ് റായ്, അശ്വിനി ചൗബെ, അർജുൻ മുണ്ട, ദേവുസിൻഹ് ചൗഹാൻ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ എന്നിവരും യോഗത്തിൽ പങ്കെടുത്തു. ഇടതുപക്ഷ തീവ്രവാദ ബാധിത സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും യോഗത്തിൽ പങ്കെടുത്തു.

## Headline 2

## REV. MUMBAI-RBI

അടിസ്ഥാന ബാങ്കിങ്ങ് നിരക്കുകളിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക്. റിപ്പോ നിരക്ക് 6.5 ശതമാനമായി നിലനിർത്താൻ ധനനയ സമിതി തീരുമാനിച്ചതായി ആർബിഐ ഗവർണർ ശക്തികാന്ത ദാസ് അറിയിച്ചു. ഇതോടെ വായ്പാ പലിശ നിരക്കുകൾ മാറ്റമില്ലാതെ തുടരും. സ്റ്റാൻഡിംഗ് ഡെപ്പോസിറ്റ് ഫെസിലിറ്റി നിരക്ക് 6.25 ശതമാനമായും മാർജിനൽ സ്റ്റാൻഡിംഗ് ഫെസിലിറ്റി നിരക്കും ബാങ്ക് നിരക്കും 6.75 ശതമാനമായും തുടരും. പണപ്പെരുപ്പം നിയന്ത്രണ വിധേയമാക്കുന്നതിന് അതീവ ജാഗ്രത പുലർത്തുമെന്നും സമയബന്ധിതമായ നയ നടപടികൾ സ്വീകരിക്കുമെന്നും ആർബിഐ വ്യക്തമാക്കി. 2023-24 സാമ്പത്തിക വർഷത്തിൻറെ ആദ്യ പാദത്തിലെ ജിഡിപി വളർച്ചാ നിരക്ക് 6.6 ശതമാനമായിരിക്കുമെന്നും റിസർവ് ബാങ്ക് വ്യക്തമാക്കി.

## Headline 2

### RBI GOVERNOR

ബാങ്കുകളിൽ നിന്ന് 2,000 രൂപാ നോട്ട് മാറ്റിയെടുക്കാനുള്ള സമയപരിധി നാളെ അവസാനിരിക്കെ ഇതുവരെ 3.43 ലക്ഷം കോടി രൂപ തിരിച്ചെത്തിയതായി ആർബിഐ ഗവർണർ ശക്തികാന്ത ദാസ്. അക്കൌണ്ടില്ലാത്ത ബാങ്കുകളിൽ ഉൾപ്പെടെ ഒരേ സമയം പരമാവധി പത്ത് നോട്ടുകൾ മാറ്റാൻ സാധിക്കും.

### GST

അടുത്ത ജി എസ് ടി കൌൺസിൽ യോഗം നാളെ ഡൽഹിയിൽ ചേരും. വിജ്ഞാൻഭവനിൽ ചേരുന്ന യോഗത്തിൽ കേന്ദ്രധനമന്ത്രി നിർമ്മലാ സീതാരാമൻ അധ്യക്ഷത വഹിക്കും.

### P-20 SUMMIT

സഭ അധ്യക്ഷന്മാരുടെ ഒൻപതാമത് പാർലമെന്ററി സമ്മേളനം ഈ മാസം 13 മുതൽ 14 വരെ ന്യൂ ഡൽഹിയിൽ നടക്കും. ജി 20 രാജ്യങ്ങളുടെ സ്പീക്കർമാരുടെ നേതൃത്വത്തിൽ ആഗോള ഭരണത്തിന് പാർലമെന്ററി മാനം കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെയാണ് പി 20 രൂപീകരിച്ചത്. ജി 20 അധ്യക്ഷതയുടെ ഭാഗമായി ചേരുന്ന പി 20 സമ്മേളനം നാല് സെഷനുകളിലായാണ് നടക്കുക. 25 സഭാധ്യക്ഷന്മാരും 10 ഉപ അധ്യക്ഷന്മാരും 50 സഭ

അംഗങ്ങളും പരിപാടിയിൽ പങ്കെടുക്കുമെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള അറിയിച്ചു.

## Headline 3

## NOBEL PEACE PRIZE-NARGES (INTRO)

സമാധാനത്തിനുള്ള ഈ വർഷത്തെ നൊബേൽ പുരസ്കാരം ഇറാൻ മനുഷ്യാവകാശ പ്രവർത്തക നർഗസ് സഫിയ മുഹമ്മദിയ്ക്ക്. സ്ത്രീകളുടെ അവകാശങ്ങൾക്കായുള്ള പോരാട്ടമാണ് 51 കാരിയായ നർഗസിനെ പുരസ്കാരത്തിന് അർഹയാക്കിയത്.

വിശദാംശങ്ങളിലേക്ക്......
(വോയ്സ്)

ഇറാൻ ഭരണകൂടത്തിനെതിരേ പോരാടിയതിന് വിവിധ കുറ്റങ്ങൾ ചുമത്തി 13 തവണ അറസ്റ്റ് ചെയ്യപ്പെട്ട നർഗസ് സഫിയ മുഹമ്മദി 5 തവണയാണ് ശിക്ഷിക്കപ്പെട്ടത്. വിചാരണ കൂടാതെ 31 വർഷത്തെ തടവ് ശിക്ഷയ്ക്ക് വിധിക്കപ്പെട്ട അവർ നിലവിൽ ടെഹ്റാനിലെ എവിൻ ജയിലിലാണ്. ഡിഫെൻസ് ഓഫ് ഹ്യൂമൻ റൈറ്റ്സ് സെൻറർ എന്ന രാജ്യാന്തര സംഘടനയുടെ
വൈസ് പ്രസിഡൻറ് കൂടിയാണ് നർഗസ്.

ഇറാനിലെ മനുഷ്യാവകാശ പ്രവർത്തനങ്ങളുടെ പേരിൽ വ്യക്തിജീവിതത്തിൽ നിരവധി നഷ്ടങ്ങൾ സഹിക്കേണ്ടി വന്നയാളാണ് നർഗസ് സഫിയ മുഹമ്മദി എന്നാണ് നോബേൽ പുരസ്കാര സമിതിയുടെ വിലയിരുത്തൽ. ജയിൽ മോചിതയാക്കി പുരസ്കാരം നേരിട്ട് സ്വീകരിക്കാൻ അവരെ അനുവദിക്കണമെന്ന് പുരസ്കാര

സമിതി ഇറാൻ ഭരണകൂടത്തെ അറിയിച്ചു. ശിരോവസ്ത്രം ധരിക്കാത്തതിൻറെ പേരിൽ പെൺകുട്ടിയെ മർദിച്ച് കൊലപ്പെടുത്തിയതിനെ തുടർന്ന് ഇറാനിൽ കഴിഞ്ഞ വർഷമുണ്ടായ പ്രക്ഷോഭത്തിൽ 300ൽ അധികം പേർക്കാണ് ജീവൻ നഷ്ടമായത്. 100ഓളം പേരെ വധശിക്ഷയ്ക്കും വിധിച്ചു. ഈ സാഹചര്യത്തിൽ നർഗസ് സഫിയ മുഹമ്മദിയ്ക്ക് ലഭിച്ച പുരസ്കാരം ഇറാനിലെ സ്ത്രീകളുടെ അവകാശപോരാട്ടങ്ങൾക്ക് കരുത്തേകും.
ന്യൂസ് ഡെസ്ക് ആകാശവാണി.

## PUTIN

ഇന്ത്യയെ പോലെയുള്ള രാജ്യങ്ങൾ ഐക്യ രാഷ്ട്ര സഭയുടെ സുരക്ഷാ കൗൺസിൽ അംഗമാകുന്നത് അന്താരാഷ്ട്ര നയ രൂപീകരണത്തിൽ സുപ്രധാന പങ്കു വഹിക്കുമെന്ന് റഷ്യൻ പ്രസിഡന്റ് വ്ലാദിമിർ പുടിൻ. 7.6 ശതമാനം വരുന്ന ഇന്ത്യയുടെ ജിഡിപി ആഗോള തലത്തിൽ ഒരു വലിയ നേട്ടമാണെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ഇന്ത്യയുടെ സാമ്പത്തിക കുതിപ്പ് മറ്റു രാജ്യങ്ങൾക്ക് സഹായ ഹസ്തമാകുമെന്നും പുടിൻ അഭിപ്രായപ്പെട്ടു.

## DUBAI-PIYUSH GOYAL

യുഎഇയിലെ വ്യവസായ പ്രമുഖരുമായി കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ ചർച്ച നടത്തി. ഇന്ത്യയും യുഎഇയും തമ്മിലുള്ള വ്യാപാര നിക്ഷേപ ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനായാണ് അദ്ദേഹം യുഎഇ സന്ദർശിച്ചത്. ഉപഭോഗവസ്തുക്കൾ, ഇലക്ട്രോണിക്സ് സാമഗ്രികൾ എന്നിവയുടെ വ്യാപാരം, ഇന്ത്യ-യുഎഇ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ എന്നിവ ചർച്ചയ്ക്ക് വിഷയമായി.

## PM - GOREGAON FIRE

മുംബൈയിലെ ഗോരേഗാവിൽ തീപിടിത്തത്തിലുണ്ടായ ജീവഹാനിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചിച്ചു. പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് തീപിടിത്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ അടുത്ത ബന്ധുക്കൾക്ക് രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും ധനസഹായം നൽകും. ദുരിതബാധിതർക്ക് സാധ്യമായ എല്ലാ സഹായവും നൽകുന്നുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

## SIKKIM FLOOD

സിക്കിമ്മിലെ മിന്നൽ പ്രളയത്തിലുണ്ടായ നാശ

നഷ്ടങ്ങൾ നിർണ്ണയിക്കാൻ കേന്ദ്ര മന്ത്രിതല സംഘം രൂപീകരിച്ചു. ദുരന്ത ബാധിത സ്ഥലങ്ങൾ കേന്ദ്ര സംഘം

സന്ദർശിച്ച് കൂടുതൽ കേന്ദ്ര സഹായം അനുവദിക്കും. പ്രളയ ബാധിത പ്രദേശങ്ങൾ സിക്കിം മുഖ്യമന്ത്രി പ്രേം സിംഗ് തമാങ് സന്ദർശിച്ചു. ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിയ അദ്ദേഹം ജനങ്ങളുമായി സംവദിച്ചു. പ്രളയ ബാധിത കുടുംബങ്ങൾക്ക് നാല് ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചു.
മിന്നൽപ്രളയത്തിൽ 19 പേർ മരിച്ചതായാണ് ഔദ്യോഗിക റിപ്പോർട്ട്. 26 പേർക്ക് പരിക്കേറ്റിട്ടുണ്ട്. സൈനികർ ഉൾപ്പെടെ 103 പേരെ കാണാതായി. ഇവർക്കായി തെരച്ചിൽ പുരോഗമിക്കുകയാണ്.
സിക്കിമിന് കേന്ദ്രസർക്കാർ
45 കോടി രൂപയുടെ ദുരിതാശ്വാസ സഹായം അനുവദിച്ചു.

## Headline 4

## GOVERNOR

സാങ്കേതിക രംഗത്തെ മുന്നേറ്റങ്ങൾക്ക് ആനുപാതികമാണ് സൈബർ കുറ്റ കൃത്യങ്ങളുടെ വളർച്ച എന്ന് ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ.

കൊച്ചിയിൽ നടക്കുന്ന രാജ്യാന്തര സൈബർ കോൺഫറൻസായ കൊക്കൂണിന്റെ പതിനാറാം പതിപ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കുട്ടികളെ സൈബർ കുറ്റങ്ങളെ കുറിച്ച് ബോധവൽക്കരിക്കുക, ഇൻറർനെറ്റ് ഉപയോഗത്തിന് നിയമങ്ങൾ കൊണ്ടുവരിക, കുടുംബാംഗങ്ങൾക്കിടയിൽ തുറന്ന ആശയവിനിമയത്തിനുള്ള സാഹചര്യം ഒരുക്കുക, വ്യക്തിപരമായ വിവരങ്ങൾ സംരക്ഷിക്കുന്നതിനുള്ള പരിശീലനം നൽകുക തുടങ്ങിയവ സുപ്രധാനമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഓൺലൈൻ കുറ്റകൃത്യങ്ങളിലൂടെ വയോധികർക്ക് പണം നഷ്ടമാകുന്നത് വർദ്ധിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ ശ്രദ്ധ ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

## IT - NOTICE

കുട്ടികളെ ലൈംഗികമായി ദുരുപയോഗംചെയ്യുന്ന തരത്തിലുള്ള ഉള്ളടക്കം ഇൻറർനെറ്റ് പ്ലാറ്റ്ഫോമുകളിൽ നിന്ന് അടിയന്തിരമായി നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര ഇലക്ട്രോണിക്സ്, ഐടി മന്ത്രാലയം നോട്ടീസ് നൽകി. എക്സ്, യൂട്യൂബ്, ടെലിഗ്രാം എന്നീ സമൂഹ മാധ്യമങ്ങൾക്കാണ് നോട്ടീസ് നൽകിയത്.

✪✪✪

## KSEB

ഇടുക്കി, കൂടംകുളം എന്നീ വൈദ്യുതി നിലയങ്ങളിലെ ജനറേറ്ററുകളുടെ സാങ്കേതിക തകരാർ മൂലം സംസ്ഥാനത്തിന്റെ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് ഇന്ന് രാത്രി 11 മണി വരെ വൈദ്യുതി

ഉപഭോഗം പരമാവധി കുറയ്ക്കാൻ ഉപഭോക്താക്കളോട് കെഎസ്ഇബി അഭ്യർത്ഥിച്ചു.

## VEENA GEORGE

സ്കൂൾ പരിസരങ്ങളിൽ സുരക്ഷിത ഭക്ഷണം ഉറപ്പ് വരുത്തുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് പ്രത്യേക പരിശോധനകൾ നടത്തിയതായി മന്ത്രി വീണാ ജോർജ്. സ്കൂൾ പരിസരത്ത് വിൽക്കുന്ന മിഠായികളിലും സിപ്-അപുകളിലും കൃത്രിമ നിറം ചേർത്ത് വിൽക്കുന്നവരെ പിടികൂടുന്നതിന്റെ ഭാഗമായാണ് നടപടി. ഇന്നലെ സംസ്ഥാന വ്യാപകമായി നടത്തിയ ഡ്രൈവിൽ 2792 സ്ഥാപനങ്ങളിൽ പരിശോധനകൾ പൂർത്തിയാക്കി. 81 കടകൾക്കെതിരെ അടച്ചുപൂട്ടൽ നടപടികൾ സ്വീകരിച്ചതായും മന്ത്രി അറിയിച്ചു.

## ANATHALAVATTOM ANANDAN

മുൻ എംഎൽഎയും മുതിർന്ന സിപിഐ എം നേതാവുമായിരുന്ന ആനത്തലവട്ടം ആനന്ദന്റെ ഭൗതിക ദേഹം തിരുവനന്തപുരം തൈക്കാട് ശാന്തികവാടത്തിൽ സംസ്കരിച്ചു. ഔദ്യോഗിക ബഹുമതികളോടെയായിരുന്നു സംസ്കാരം.

## Headline 5

## CRICKET

ലോകകപ്പ് ക്രിക്കറ്റിൽ പാകിസ്ഥാനെതിരെ

നെതർലൻസിന് 287 റൺസിന്റെ വിജയ ലക്ഷ്യം . നേരത്തെ ടോസ് നേടിയ നെതർലൻഡ്സ് പാകിസ്ഥാനെ ബാറ്റിംഗ് നു അയച്ചു .49 ഓവർ പൂർത്തിയാക്കുന്നതിനിടെ 286 റൺസിന് പാക്കിസ്ഥാൻ

പുറത്തായി . ഒടുവിൽ വിവരം ലഭിക്കുമ്പോൾ നെതർലൻഡ്സ് 49 ഓവറിൽ 286 വിക്കറ്റ് നഷ്ടത്തിൽ 19 ഓവറിൽ 2 നഷ്ടത്തിൽ 88 റൺസ് എന്ന നിലയിലാണ് .

ലോക കപ്പിൽ ഇന്ത്യയുടെ ആദ്യ മത്സരം ഞായാറാഴ്ചയാണ്. ഓസ്‌ട്രേലിയയാണ് എതിരാളി.

## SENSEX

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 364 പോയിന്റ് ഉയർന്ന് 65,996 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 108 പോയിന്റ് നേട്ടത്തിൽ 19,654 ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.